ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

E-mail: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ 10347/എം.എ.ഇ 1/15/നി.സെ

തിരുവനന്തപുരം,
28/07/2018.

## ക്വട്ടേഷൻ നോട്ടീസ്

നിയമസഭാ ഹോസ്റ്റലിലെ മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ജൈവ / അജൈവ മാലിന്യം തരം തിരിച്ച് ശേഖരിക്കുന്നതിന് ആവശ്യമായ 208 അടപ്പുള്ള സാധാരണ ബക്കറ്റുകൾ (104 പച്ച + 104 ചുവപ്പ്) വിതരണം ചെയ്യാൻ താൽപര്യമുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച കവറുകളിൽ ക്വട്ടേഷൻ ക്ഷണിക്കുന്നു.

മുദ്രവച്ച ക്വട്ടേഷനുകൾ **08/08/2018** ന് രാവിലെ **11** മണിക്ക് മുൻപായി നിയമസഭാ ഹോസ്റ്റലിലെ എസ്റ്റേറ്റ് ഓഫീസറുടെ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം ഉച്ചയ്ക്ക് 12 മണിക്ക് ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "ജൈവ / അജൈവ മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള ബക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നവർക്ക് കരാർ നൽകുന്നതാണ്. ക്വാട്ട് ചെയ്ത റേറ്റ് എല്ലാ നികുതികളും ഉൾപ്പടെ ആയിരിക്കണം. ആവശ്യപ്പെട്ടാൽ ബക്കറ്റുകളുടെ മോഡൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. കരാർ ലഭിച്ച് 7 ദിവസത്തിനകം കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ബക്കറ്റുകൾ വിതരണം ചെയ്യേണ്ടതാണ്. ക്വട്ടേഷൻ മാറ്റിവയ്ക്കുവാനും ഏതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനും നിയമസഭാ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

എം. കെ. സുരേന്ദ്രലാൽ,
അഡീഷണൽ സെക്രട്ടറി.

SS/fcp6/2018/Sce/Quot./10347/31.7.18